LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION 1122

Wednesday, *the* *16th April 1947* / *3rd Medam 1122*

The Council met in the Council Hall at half-past Eleven of the clock with the Hon'ble President M.R.Ry. L. M. Pylee Avl., M.A. & B.L., in the Chair.

Mrs. T. Francis, Mrs. Dakshayani Velayudhan, Rao Bahadur T. S. Narayana Ayyar, Dr. S. S. Rao, Messrs. P. V. Sebastian, M. O. Thomakutty, Jos K. Verghese, K. A. Raghavan, S. S. Koder, T. V. Kochuvareed, T. K. L. Kunhuvareed, Parambi Lonappen, K. Balakrishna Menon, A. Eachara Menon, S. P. Luiz, K. T. Achuthan, P. Achutha Menon and P. E. Warne were absent.

1. QUESTIONS AND ANSWERS

PRICE OF PADDY—FIXATION OF

331. Mr. Paramel Ipe Ipe *(Kunnamkulam):* Will Government be pleased to state.—

(*a*) on what basis is the price of paddy fixed at the rate of Rs. 1—6—0 per para;

(*b*) what is the actual cost of production of one para of wet paddy by cultivating Kole lands and other variety of paddy lands in Talappalli Taluk;

(*c*) is the cost of production the same in Chittur Taluk and C. K. Taluk as in Talappalli Taluk?

Mr. P. Govinda Menon *(Minister for Food and Education):*

(*a*) The price of paddy has been fixed at Rs. 1—6—0 per para on the basis of a fair return to the producer and a reasonable cost to the ultimate purchaser. Parity has also been maintained between the prices in Travancore and Br. Malabar.

(*b*) (1) The cost of production depends on various factors like fertility of the land, availability of water supply, quality and variety of seed, manurial application, efficiency of cultivation, etc. It will vary from plot to plot for each crop in each village.

(2) In general kole cultivation is now slightly costlier than Virippu or Mundakan cultivation. But the exact increase of cost per para cannot be estimated with any amount of accuracy.

(*c*) As replied in question (*b*) cost of production will vary from plot to plot and from crop to crop even in the same village. As such the comparison on a Taluk-war basis will be inappropriate. In general however it may be stated that the cultivation of the "Kari Nilams" in C. K. Taluk costs more per acre than cultivation of the Kole lands in Talappalli Taluk.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ഈ അടുത്ത ഘട്ടത്തിൽ മദ്രാസ്സ് സംസ്ഥാനത്തിൽ നെല്ലുവില കൂട്ടീട്ടുണ്ടോ എന്ന ഗവണ്മെണ്ടിനറിയാമൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : വളരെ ചെറിയ ഒരു കൂട്ടൽ ഉണ്ടായിട്ടുണ്ട്; ചില ഭാഗങ്ങളിൽ മാത്രം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തശ്ശൻ : ആ കൂട്ടൽ ഇവിടേയും കൂട്ടിട്ടുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതുപ്രകാരം ഇവിടെ കൂട്ടേണ്ട ആവശ്യമില്ല. ശരിക്ക നോക്കുകയാണെങ്കിൽ ഒരുപ്പടിക ആറണയേക്കാൾ കൂടുതൽ വില ഒരു ഭാഗത്തുമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : Answer (*b*)-യിൽ "Kole cultivation is now slightly costlier than Virippu or Mundakan cultivation" എന്ന പറഞ്ഞിട്ടുണ്ടല്ലൊ. Slightly costlier എന്ന പറഞ്ഞതു് അതിനെപ്പറ്റി നല്ലവണ്ണം മനസ്സിലാക്കീട്ടാണൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : കോൾകൃഷിക്ക്, വെള്ളം വറ്റിക്കുക, കൂടുതൽ വളം ചെക്കുക, പറ്റിയ തരത്തിലുള്ള വിത്തു ശേഖരിക്കുക മുതലായ ചിലവുകൾ ഉള്ളതുകൊണ്ടു വിരിപ്പും മുണ്ടകനും കൃഷിയേക്കാൾ കൂടുതൽചിലവാണെന്നാണു ഗവണ്മെണ്ടിന്റെ അറിവു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : അതു് ഒരേക്കർ ഭൂമിക്കു average എത്ര ഉറപ്പിക വരുമെന്നാണോ ധരിച്ചിട്ടുള്ളതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സാധാരണ കൃഷിയേക്കാൾ കൂടുതൽ വരുമെന്നല്ലാതെ ക്ലിപ്തമായിട്ടു് ഒരു മറുപടി പറയാൻ നിവൃത്തിയില്ല. കോൾകൃഷിക്കു ശരാശരി മുണ്ടകൻകൃഷിയേക്കാളും വിരിപ്പുകൃഷിയേക്കാളും ഒരു ഏക്കറിന്നു് എത്ര ചിലവു വരുമെന്നു പറയാൻ സാധിക്കുകയില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : (*b*) എന്ന ചോദ്യത്തിൽ what is the actual cost of production എന്നുള്ളതറിയാനാണു് ആവശ്യപ്പെട്ടിരിക്കുന്നതു്: Cost of production ഇന്നിന്ന കാരണങ്ങളാൽ വ്യത്യസ്തപ്പെട്ടുമെന്നു് ഒരു വിശദീകരണം തന്നിട്ടുള്ളതല്ലാതെ അതിന്നു ശരിയായ ഉത്തരം തന്നിട്ടില്ല, അതു പറയാൻ സാധ്യമാകുമോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതു് പല ദിക്കിലും പലവിധത്തിലായതുകൊണ്ടു് ക്ലിപ്തമായി പറയാൻ സാധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : (*b*) (*a*) എന്ന ഉത്തരം cost of cultivation fertility of the land, availability of water supply മുതലായവയെ അടിസ്ഥാനപ്പെടുത്തിയിരിക്കുമെന്നു വിശദീകരിച്ചിരിക്കയാണല്ലൊ. അതനുസരിച്ചു് ഈ ഒരുവപ്പിക ആറണക്കു വാങ്ങിക്കുന്ന നെല്ലുണ്ടാക്കുവാൻ എന്തു ചിലവു വരുമെന്നു് ഏകദേശം, ക്ലിപ്തമായിട്ടല്ലെങ്കിലും, ഒന്നു പറയരുതെ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : തലപ്പിള്ളി താലൂക്കിൽപ്പെട്ട പഴയന്നൂരിലെപ്പോലെ അല്ലകയില്ല അതേതാലൂക്കിൽപ്പെട്ട കുന്നംകുളത്തെ കൃഷിയും അതിന്നുള്ള ചിലവും. ആ നിലക്കു ക്ലിപ്തമായ മറുപടി പറയാൻ സാധ്യമല്ല. അതുകൊണ്ടു് (*b*) (*a*)-ൽ പറഞ്ഞിരിക്കുന്ന ഉത്തരം യുക്തമാണെന്നു മാത്രമെ പറയാൻ നിവൃത്തിയുള്ളു.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഞാൻ അതല്ല ചോദിക്കുന്നതു് ഒരുവപ്പിക ആറണ കൊടുത്തു വാങ്ങാവുന്ന നെല്ലു് ഉണ്ടാക്കുന്ന കൃഷിക്കാരനു, മുണ്ടകനായാലും കൊള്ളാം, വിരിപ്പായാലും കൊള്ളാം, ആ ഒരുവപ്പിക ആറണക്കു വില്ക്കാവുന്ന സാധനം ഉണ്ടാക്കി അങ്ങോട്ടു വില്ക്കാൻ വേല ചെയ്യുന്നതിന്നു് എന്തു ചിലവു വരും ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അങ്ങിനെ സാമാന്യമായ ഒരു ചോദ്യത്തിന്നു മറുപടി പറയാൻ നിവൃത്തിയില്ല. കൊച്ചിരാജ്യത്തിൽ നാനാഭാഗത്തും നാനാതരത്തിലാണു ചിലവു വരുന്നതു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : എല്ലാ സ്ഥലത്തും ഒരുതരത്തിലുള്ള വിലയാണൊ കൊടുത്തുവരുന്നതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതെ.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : നാനാസ്ഥലങ്ങളിലും നാനാതരത്തിലുള്ള ചിലവാണു വരുന്നതെന്നു പറഞ്ഞുവല്ലൊ. അപ്പോൾ എല്ലാ സ്ഥലത്തും ഒരേവിലവെച്ചു കൊടുക്കുക എന്നുള്ളതു ന്യായമായിരിക്കയില്ല. ഈ സംഗതികളൊന്നും ആലോചിക്കാതെയാണു് ഈ വില നിശ്ചയിച്ചതെന്നു അനുമാനിക്കുന്നതിൽ തെറ്റുണ്ടൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഉണ്ടു്.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഈ ഒരുവപ്പിക ആറണയിൽ അധികം അരുയും നെല്ലുണ്ടാക്കുവാൻ വേലച്ചിലവാകുന്നുണ്ടെന്നു ഗവർമ്മെണ്ടു ധരിച്ചിട്ടുണ്ടൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : പിന്നെ എന്തിനെ അടിസ്ഥാനപ്പെടുത്തിയാണു് ഈ വില നിശ്ചയിച്ചു എന്നു പറഞ്ഞതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : താരതമ്യേന വരാവുന്ന ചിലവിനെ അടിസ്ഥാനപ്പെടുത്തിയാണു്.

മിസ്റ്റർ പി കുമാരനെഴുത്തശ്ശൻ : ആ തോതനുസരിച്ചു് ഒരു പറക്കു് എത്ര ചിലവു വരുമെന്നു പറയാമൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ക്ലിപ്തമായി പറയാൻ സാധ്യമല്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ : ഉദ്ദേശമായി ഒന്നു പറയാൻ സാധിക്കുകയില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതു് ഓരോ താലൂക്കിലും, ഓരോ വില്ലേജിലും, ഓരോ നിലത്തിലും ഓരോ കഷ്കനും ഓരോ വിധത്തിലായിരിക്കും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ബഹുമാനപ്പെട്ട മന്ത്രി അവർകളുടെ ജന്മസ്ഥല മായ മുകന്ദപുരം താലൂക്കിലെ കഥ പറഞ്ഞാൽ മതി.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ആ താലൂക്കിൽത്തന്നെ പല വില്ലേജുകളിലും പ ലവിധത്തിലായിരിക്കും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : മന്ത്രി അവർകളുടെ വില്ലേജിലെ സ്ഥിതി ഒന്നു പറ ഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അവിടെ ഇതിലും കുറവാണു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : എത്ര ശില്ലിക്കാശു കുറവാണെന്നാണു ചോദിക്കു ന്നതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അങ്ങിനെ ചോദിച്ചാൽ സമാധാനം പറയാൻ സാധിക്കുകയില്ല. ഒരുവപ്പിക ആറണയേക്കാൾ കുറവാണെന്നു പറയാൻ സാധിക്കും.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ. ഗവമ്മെണ്ടിൽനിന്നും ദയവായിട്ടു്, ചില പ്രദേശ ങ്ങളെ അടിസ്ഥാനപ്പെടുത്തി, ഒരുവപ്പിക ആറണക്കു വാങ്ങുന്ന നെല്ലിനു് ഒരുവപ്പിക പന്ത്ര ണ്ടണ ചിലവാകുന്നുണ്ടെന്നു് ഞാൻ പറയുന്നതിനെ സ്വീകരിക്കുവാൻ തയ്യാറുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : സർ, ബ്രിട്ടീഷു് മലബാറിൽ ഇതെ വില തന്നെ യാണു് കൊടുക്കുന്നതു്. തിരുവിതാംകൂറിൽ ഇതിലും കുറവാണു് കൊടുക്കുന്നതു്. ഇതു മുന്നു നാലു കൊല്ലമായിട്ടും നടപ്പിലുണ്ടു്. ബഹുമാനപ്പെട്ട മെമ്പർ ഏതെങ്കിലും ഒരു പ്രത്യേക സപ്ലൈനസ്സിൽ ഉണ്ടാക്കുന്ന നെല്ലിനു് ഒരുവപ്പിക ആറണയിൽ കൂടുതൽ ചിലവു് വരും എന്നു തെളിയിക്കുകയാണെങ്കിൽ അതു് ഒരു സാധാരണ സംഭവമായി എടുക്കുവാൻ നിവൃത്തിയില്ല. സാമാന്യമായി കൂടുതൽ ചിലവു വരുന്നുണ്ടെന്നു ഗവമ്മെണ്ടിനു ബോദ്ധ്യ പ്പെട്ടിട്ടില്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഈ നെല്ലു ഗവമ്മെണ്ടു കർഷകനിൽനിന്നും വാങ്ങി ക്കുമ്പോൾ അവനു ചിലവായ സംഖ്യ കണക്കു പറഞ്ഞു വാങ്ങാൻ ശക്തിയില്ലാത്തതുകൊ ണ്ടല്ലെ, ഒരുവപ്പിക ആറണ മാത്രമേ കൊടുക്കുകയുള്ളു എന്നു പറയുന്നതു് ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അല്ല.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ഏതെങ്കിലും ഒരാൾക്കു് അവന്റെ ചിലവിനേ ക്കാൾ വളരെ അധികം ലാഭം കിട്ടത്തക്ക വിധത്തിൽ നെല്ലുണ്ടായാൽ അതു മുഴുവൻ ഗവ മ്മെണ്ടു് ഈ വിലക്കു വാങ്ങണമെന്നു് ആലോചിച്ചിട്ടുണ്ടോ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അങ്ങിനെയൊന്നും നോക്കുകയുണ്ടായിട്ടില്ല.

മിസ്റ്റർ ആർ. എസ്സ്. തേവണ്ണകൌണ്ടൻ : ഈ നെല്ലുണ്ടാക്കുവാൻ സെൻട്രൽ ഫാറ ത്തിൽ എന്തു ചിലവു വരും ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : അതിനു മറുപടി പറയാൻ നോട്ടീസു് വേണം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കായ്യം മനസ്സിലാക്കാതെ 'Kole cultivation is now slightly costlier' എന്നു പറയാൻ എന്താണു് കാരണം ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ഇതു് ഉദ്ദേശം പറയാവുന്ന ഒരു വിഷയം മാത്ര മാണു്. ഓരോരുത്തരുടേയും സൌകര്യമനുസരിച്ചും നിലത്തിന്റേയും വളത്തിന്റേയും സ്ഥിതിയനുസരിച്ചും പല വിധത്തിലാണു് കൃഷിച്ചിലവു് വരുക. ഇങ്ങിനെയല്ലാതെ കണ്ടു ക്ലിപ്തമായ വിധത്തിൽ ഒരു സമാധാനം പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : കോൾകൃഷിക്കു് ഒരു ഏക്കറിനു മറ്റു കൃഷിയേ ക്കാൾ ഇ ത്ര average കൂടുതൽ ചിലവു വരുന്നുണ്ടെന്നു ഗവമ്മെണ്ടിന്നറിയാമൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : എത്ര കൂടുതൽ വരുമെന്നു പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : Average-ഒരു അയ്യരുവപ്പിക വരുന്നുണ്ടെന്നു കണ്ടാൽ ക്ലാസ്സ് ൦-ൽ സബ്സിഡി കൊടുക്കാൻ തീച്ചയാക്കിയപോലെ ഈ കൊല്ലത്തിൽ സബ്സിഡി കൊടുക്കാൻ ആലോചിക്കാമൊ ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ : ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ: ഫാറത്തിൽ ഗവമ്മെണ്ടു നേരിട്ടല്ലെ കൃഷിചെയ്യുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: ഫാറത്തിൽ ഈ ഒരുവപ്പിക ആറണയിൽ കൂടുതൽ ചിലവാകാറില്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടത്തെ കണക്കു" ഇതിലേക്കു" ഒരു മാനദണ്ഡമായി എടുക്കുവാൻ നിവൃത്തിയില്ല. അവിടെ വളരെ അധികം ചിലവു വരുന്നുണ്ടു". ചിലവിന്നനുസരിച്ചു വരുമാനമില്ലെന്നു പറയുന്നുണ്ടു". അപ്പോഠം ഫാറത്തിൽ നെല്ലുണ്ടാക്കാൻ വരുന്ന ചിലവു സാധാരണ കൃഷിയിൽ നെല്ലുണ്ടാക്കാൻ വരുന്ന ചിലവിന്റെ ഒരു മാനദണ്ഡമായിട്ടെടുക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അവിടെ ഒരു മാതൃകയായിട്ടല്ലെ കൃഷിചെയ്യുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടെ നടക്കുന്നതു" ഇതിലേക്കു" ഒരുദാഹരണമായിട്ടെടുക്കാൻ നിവൃത്തിയില്ല.

മിസ്സിസ" കെ. എം. ജോർ. മേനോൻ: അവിടെ മാത്രമേ ഇങ്ങിനെ കൃഷി നടത്തുന്നുള്ളു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വേറെ എവിടെയുമില്ല.

Mr. Paramel Ipe Ipe *(Kunnamkulam):* What is the percentage of the fair return that the Government expects that the producer will get?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാമാന്യമായി പറയുകയാണെങ്കിൽ, ഭൂമിയുടെ സ്ഥിതി, വിളവിന്റെ സ്ഥിതി, ജനങ്ങളുടെ ആവശ്യം ഇതൊക്കെക്കൂടി വെച്ചാലോചിച്ചു", ഒരുവപ്പിക ആറണക്കു നെല്ലെടുക്കുന്നതായിരിക്കും ശരിയായിരിക്കുക എന്നു ഗവമ്മെണ്ടിനു തോന്നി. ഈ നെല്ലിന്റെ വില കൂട്ടുകയാണെങ്കിൽ, ഈ രാജ്യത്തേക്കു" ആവശ്യമായ നെല്ലു മുഴവനും ഇല്ലാതിരിക്കുന്ന കാലത്തോളം അതൊരു ദോഷമായിത്തീരും. അതുകൊണ്ടു" ഒരുവപ്പിക ആറണക്കു നെല്ലെടുക്കുകയാണു നല്ലതെന്നു തോന്നി. അയൽശീമകളിൽ കിട്ടുന്ന നെല്ലിന്റെ വില നമ്മുടെ നാട്ടിലെ നെല്ലിന്റെ വിലയെക്കാഠം ഒട്ടും കൂടുതൽ ഉണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അയൽ ശീമകളിൽ ജനങ്ങളുടെ കയ്യിൽനിന്നും വാങ്ങുന്നനെല്ലിന്റെ percentage എന്താണു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അവിടത്തെ percentage എന്താണെന്നു പറയാൻ ഇപ്പോഠം നിവൃത്തിയില്ല.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഈ വില തോതനുസരിച്ചു കഷ്ടകരം" ഇതു" ഒരു economic return ആയിത്തീരുമോ എന്നു ബഹുമാനപ്പെട്ട മന്ത്രി അവർകളും ആലോചിക്കുകയുണ്ടായിട്ടുണ്ടൊ? ഞാൻ അതു" ഒന്നുകൂടി വിശദമായി ഇംഗ്ലീഷിൽ പറയാം— whether the Hon'ble Minister for Food, Sir, had not some months back stated that the price of Rs. 1—6—0 offered by the Government does not work out an economic return for the agriculturists എന്നു പറഞ്ഞതായിട്ടു" ഓർക്കുന്നുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെ വല്ല അബദ്ധവും പറഞ്ഞതായിട്ടു" ഓർമ്മയില്ല. (ചിരി)

മിസ്റ്റർ പി. ശങ്കരമേനോൻ: വലിയ ഭൂമി ഉടമസ്ഥന്മാരുടെ കയ്യിൽനിന്നാണൊ നെല്ലു" അധികമായി എടുക്കുന്നതു"?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: വലിയ ഭൂമി ഉടമസ്ഥന്മാരുടെ കയ്യിൽനിന്നാണെടുക്കുന്നതു". സ്വന്താവശ്യം കഴിച്ചു" വളരെ അധികം നെല്ലുള്ളവരുടേയും കയ്യിൽനിന്നാണെടുക്കുന്നതു".

മിസ്റ്റർ പി. ശങ്കരമേനോൻ: ഈ വിലക്കു നെല്ലു വിൽക്കുവാൻ സാധിക്കുക എന്നതു" അവക്കു വളരെ ആദായകരമല്ലെ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ. അവക്കു" അതു" ആദായകരമാണെന്നാണു" ഉദ്ദേശിക്കേണ്ടതു".

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെ വലിയ ഭൂമികൾക്കു" ആദായവും സുഖവുമുണ്ടായാൽ സാധാരണ കൃഷിക്കാരനു" അതിൽ വല്ല പങ്കും കിട്ടുമെന്നുദ്ദേശിക്കുന്നുണ്ടൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധാരണ കൃഷിക്കാരനു ചിലപ്പോൾ ഒരു പങ്കും ഉണ്ടായില്ലെന്നു വരാം.

Mr. K. S. Panicker *(Trichur-Ezhuvas):* On a point of order, Sir, this is question time, he is explaining.

Mr. P. Kumaran Ezuthassan *(Vadakkancheri):* He can do it, Sir, when he becomes the Deputy President which is going to be extinguished.

ഞാൻ എന്റെ ചോദ്യം ചോദിക്കാം. പക്ഷെ കർഷകനു, ആദായകരമായ ഈ നെല്ല വില്പനയിൽ, സാധുക്കളായ കൊച്ചി രാജ്യത്തെ ചെറിയ ചെറിയ കർഷകർക്ക് അതുകൊണ്ടു ഗുണമുണ്ടാകുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: സാധുക്കളായ കൃഷിക്കാരോടു നെല്ല തന്നെ വാങ്ങുന്നില്ല.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: അതല്ല എന്റെ ചോദ്യം. എക്കർ ഗുണം കിട്ടിയാൽ അതു ബിക്കും ഗുണമായിരിക്കുമൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏക്കർ ഗുണംകിട്ടിയാൽ അതു ബിക്കു ഗുണമാകണമെന്നില്ല എന്നുള്ളതു സ്വതസിദ്ധമാണു.

മിസ്റ്റർ പി. കുമാരനെഴുത്തഛൻ: ആ 'സ്വതസിദ്ധം' വെച്ചുകൊണ്ടു ഞാൻ ചോദിക്കുന്നു, അങ്ങിനെ ഗുണമാകുന്നില്ല എന്നുള്ളതു ഇപ്പോൾ ഗവണ്മെണ്ടു സമ്മതിക്കുവാൻ ഒരുക്കമുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇല്ല. That is a matter of social policy.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: ഒരു കർഷകനു ആകെ ഉണ്ടാകുന്ന Yield-ൽ നിന്നു അയാളുടെ കൃഷിക്കു വേണ്ടിവരുന്ന ചിലവു നീക്കുന്നതിനു മുമ്പുതന്നെ പാട്ടംകൊടുക്കണമെന്നുള്ളതായി ഒരു വ്യവസ്ഥയുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാട്ടം കൊടുക്കണം. അതു ആദ്യം കൊടുക്കേണ്ടതാണു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: കഷ്കന്റെ ചിലവു കഴിച്ചു ബാക്കിയാണെ പാട്ടം കൊടുക്കേണ്ടതു?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കഷ്കൻ നഷ്ടപ്പെട്ടാലും പാട്ടം കൊടുക്കണമെന്നുള്ളതാണു നിയമം. ഇതു ഞാൻ പറയേണ്ട ഒരുത്തരമല്ല. എങ്കിലും പറഞ്ഞുവെന്നു മാത്രമേയുള്ളു.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: കൃഷി നഷ്ടപ്പെട്ടാലും പാട്ടം കൊടുക്കണമെന്നു ഗവണ്മെണ്ടു നിർബ്ബന്ധിച്ചിട്ടുണ്ടൊ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഗവണ്മെണ്ടു നിർബ്ബന്ധിച്ചിട്ടുണ്ടെന്നു ഞാൻ വിചാരിക്കുന്നില്ല. ഞാൻ പറയുന്നതു ഒരു പക്ഷെ തെറ്റായിരിക്കാം.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തഛൻ: ഫ 0 0 പറ നെല്ലു പാട്ടം കൊടുക്കണമെങ്കിൽ ആ കർഷകനു ആ നെല്ലും അയാളുടെ ചിലവിനുള്ള വകയും കിട്ടണം. ചിലപ്പോൾ ആ ഫ 0 0 പറ നെല്ലുതന്നെ ഉണ്ടായില്ലെന്നു വരും. എന്നാലും പാട്ടം കൊടുക്കാൻ നിർബ്ബന്ധിച്ചതായി അറിവുണ്ടു. അതാണു ഞാൻ ചോദിച്ചതു, പാട്ടം പിരിച്ചു കൊടുക്കാൻ നിയമം നിർദ്ദേശിക്കുന്നുണ്ടൊ എന്നു.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പാട്ടം പിരിക്കുന്ന കാര്യത്തിൽ ഒരു നിർബ്ബന്ധവും ചെയ്തു വരുന്നില്ലെന്നാണു എന്റെ അറിവു.

ASSAULT ON A BOY BY AN EXCISE PEON

332. Mr. M. K. Raja *(Mulakunnathukavu):* Will Government be pleased to state.—

(*a*) whether they had received any complaint to the effect that one Kuriappan, a boy of 19, was assaulted on the 29th of October last by an Excise peon of Pazhanji;

(*b*) whether any enquiry has been held in the matter;

(*c*) if so, with what result?

Rao Bahadur T. K. Nayar *(Minister for Public Health):*

(*a*) Yes. A telegram from Kuriappan and a petition from Kunjayi mother of Kuriappan were received.

LIBRARY ARCHIVES Kerala Legislative Assembly